## കേരള സർക്കാർ
### സംഗ്രഹം

ധനകാര്യ വകുപ്പ് - നാഷണൽ ട്രാൻസിറ്റ് പാസ് സിസ്റ്റം - ഐ സി ഐ സി ഐ ബാങ്ക് അക്കൗണ്ട് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(സാധാ) നമ്പർ 5646/2022/ധന** **തീയതി, തിരുവനന്തപുരം 08.08.2022**

---

പരാമർശം : 1. 29.01.2021 ലെ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന്റെ ഫയൽ നമ്പർ 8-42/2018-FP നമ്പർ കത്ത്.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 30.05.2022 തീയതിയിലെ KFDHQ/1800/2021-F, B and A/A1 നമ്പർ കത്ത്.

**ഉത്തരവ്**

കേന്ദ്ര വനം - പരിസ്ഥിതി - കാലാവസ്ഥാ വ്യതിയാന വകുപ്പിൽ നിന്നും 'നാഷണൽ ട്രാൻസിറ്റ് പാസ് സിസ്റ്റം (NTPS)' നടപ്പിലാക്കുന്നതിലേക്കായി എല്ലാ സംസ്ഥാനങ്ങളും ഐ.സി.ഐ.സി.ഐ ബാങ്കിൽ ഒരു കറണ്ട് അക്കൗണ്ട് തുടങ്ങേണ്ടതുണ്ടെന്നും ആയതിനാൽ ദേശവ്യാപകമായി വനോൽപ്പന്നങ്ങളുടെ കൊണ്ടുപോകലിനായി നാഷണൽ ട്രാൻസിറ്റ് പാസ് സിസ്റ്റം തുടങ്ങുന്നതിനായി ഐ സി ഐ സി ഐ ബാങ്കിൽ ഒരു കറന്റ് അക്കൗണ്ട് തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ വഴുതയ്ക്കാട് ബ്രാഞ്ചിൽ തുടങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ദേശവ്യാപകമായി വനോൽപ്പന്നങ്ങളുടെ കൊണ്ടുപോകലിനായി നാഷണൽ ട്രാൻസിറ്റ് പാസ് സിസ്റ്റം തുടങ്ങുന്നതിനായി മാത്രം ഐ സി ഐ സി ഐ ബാങ്കിൽ ഒരു കറന്റ് അക്കൗണ്ട് തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ വഴുതയ്ക്കാട് ബ്രാഞ്ചിൽ തുടങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.,**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.
വനം - വന്യജീവി വകുപ്പ് (UO (F) No. 1838256 FWLD- D3/234/2021-FWLD)
ധനകാര്യ (അഗ്രി -ബി ) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E File No:- E 1831476)

ഉത്തരവിൻ പ്രകാരം
Manju
സെക്ഷൻ ഓഫീസർ